# ഭരണഭാഷ - മാതൃഭാഷ


**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307


**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം - ശ്രീ ഷിജു കെ - സർക്കാർ പോളിടെക്നിക് കോളേജ് - ലക്ച്ചറർ ഇൻ ഇൻഫർമേഷൻ ടെക്നോളജി എഞ്ചിനീയറിംഗ് തസ്തികയിലേയ്ക്ക് പുന: പ്രവേശനം നൽകുന്നത് - സംബന്ധിച്ച്

---

ജീവനകാര്യം (സി) വിഭാഗം

നം: ഇ. സി 1/26149/23/ഡി.ടി.ഇ                                   തിരുവനന്തപുരം , തീയതി: 14.07.2023

---

വായന:- 1. 16.05.2023 ലെ EC1/6297/19/DTE നമ്പർ ഉത്തരവ്
2. ശ്രീ ഷിജു കെ., ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT) No.271/2023
3. 27-6-2023 ,ലെ ബഹു: കേരള ഹൈക്കോടതിയുടെ OP(KAT)No.271/2023 നമ്പർ ഉത്തരവ്
4. 06.07.2023 ലെ ബഹു: കേരള ഹൈക്കോടതിയുടെ OP(KAT)No.271/2023 നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

പാലക്കാട് സർക്കാർ എഞ്ചിനീയറിങ് കോളേജിൽ ഇൻഫൊർമേഷൻ ടെക്നോളജി വിഭാഗം ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ ആയിരുന്ന ശ്രീ.ഷിജു .കെ യെ പുറപ്പുഴ പോളിടെക്നിക്കിൽ സൃഷ്ടിച്ച ഇൻഫൊർമേഷൻ ടെക്നോളജി ലെക്ചർ വിഭാഗത്തിലേക്ക് മാറ്റി നിയമിക്കുകയും തുടർന്നു ടിയാൻ ഇടുക്കി സർക്കാർ എഞ്ചിനീയറിങ് കോളേജിൽ എം.ടെക് കോഴ്സ് പഠിക്കുന്നതിനായി കെഎസ്ആർ ഭാഗം I ചട്ടം 91 എ യുടെ അടിസ്ഥാനത്തിൽ 1-3-2017 മുതൽ 31-7-2018 തീയതി വരെ ശൂന്യ വേതന അവധിയിൽ പ്രവേശിക്കുകയുമുണ്ടായി. ആയതിനാൽ പ്രസ്തുത ഒഴിവ് പിഎസ്‌സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. പഠനം പൂർത്തിയാക്കിയ ശ്രീ. ഷിജു .കെ ടിയാനെ സേവനത്തിൽ പുന പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും എന്നാൽ ഇൻഫൊർമേഷൻ ടെക്നോളജി ലെക്ചർ തസ്തികകൾ പിഎസ്‌സി യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നതിനാൽ പിഎസ്‌സി യിൽ നിന്നും ഉദ്യോഗാർഥികൾ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് മറ്റ് സ്ഥാപനങ്ങളിലേക്ക് മാറ്റം അനുവദിയ്ക്കുന്നതിന് ടിയാന് സമ്മതമാണ് എന്ന ടിയാൻറെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാനെ പുറപ്പുഴ സർക്കാർ പോളിടെക്നിക് കോളേജിൽ ഇൻഫർമേഷൻ ടെക്നോളജി വിഭാഗം ലക്ചറർ തസ്തികയിൽ നിയമിക്കുകയുണ്ടായി.

ഇൻഫൊർമേഷൻ ടെക്നോളജി വിഭാഗം ലെക്ച്ചർ തസ്തികയിൽ അനുവദിയ്ക്കപ്പെട്ട 4 തസ്തികകളിലും പിഎസ്‌സി നിയമന ശുപാർശ ലഭിക്കുകയുണ്ടായി. എന്നാൽ അതിൻ മേൽ കേസ് വരികയും പ്രസ്തുത കേസിൻ മേൽ ഏത് സമയവും ഉത്തരവ് വരാവുന്നതും അന്നേരം ശ്രീ.ഷിജു.കെ യെ നിയമിച്ചിരിക്കുന്ന ഒഴിവിലുൾപ്പടെ നിയമന ഉത്തരവ് നല്കേണ്ടതുമാണ് . ആയതിനാൽ പുറപ്പുഴ പോളിടെക്നിക്കിൽ പിഎസ്‌സി യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവിൽ നിയമിച്ചിരുന്ന ശ്രീ.ഷിജു.കെ യെ മാറ്റി നിയമിക്കുന്നതിനുള്ള സാഹചര്യം കണക്കിലെടുത്ത് ടിയാൻ Ist ഗ്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലെ സെലെക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ ടിയാനെ സൂചന (1) നടപടി ക്രമം പ്രകാരം പാലക്കാട് സർക്കാർ എഞ്ചിനീയറിങ് കോളേജിൽ ഇൻഫൊർമേഷൻ ടെക്നോളജി Ist ഗ്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിയമിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടിയാനെ പുറപ്പുഴ സർക്കാർ പോളിടെക്നിക് കോളേജിൽ നിന്നും 27/6/2023 തീയതിയിൽ സ്ഥാപന മേധാവി വിടുതൽ ചെയ്യുകയുമുണ്ടായി.

സൂചന (1) ഉത്തരവിനെതിരെ ( Anexxure 7 in OP) ശ്രീ.ഷിജു .കെ OP(KAT) No.271/2023 ഫയൽ ചെയ്യുകയും തുടർന്നുള്ള ബഹു.കേരള ഹൈക്കോടതിയുടെ സൂചന 3 പ്രകാരമുള്ള ഉത്തരവ് പ്രകാരം 6-7-2023 തീയതിവരെ സ്റ്റേ അനുവദിയ്ക്കുകയുണ്ടായി .

ടിയാന് തുടർ ഉത്തരവ് വരുന്നത് വരെ പുറപ്പുഴ സർക്കാർ പോളിടെക്നിക്കിൽ ലെക്ചർ തസ്തികയിൽ തുടരുന്നതിന് ടി ഉത്തരവ് പ്രകാരം നിർദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ ഷിജു കെ യ്ക്ക് പുറപ്പുഴ സർക്കാർ പോളിടെക്നിക് കോളേജിൽ ഇൻഫർമേഷൻ ടെക്നോളജി വിഭാഗം ലക്ചറർ തസ്തികയിൽ പുന: പ്രവേശനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാൻറെ ചേരും കാലം സ്ഥാപന മേധാവി ഈ ഒഫ്ഫീസ്സിൽ അറിയിക്കേണ്ടതാണ് .

ഇപ്രകാരം OP(KAT) No.271/2023 നു മേലുള്ള ബഹു: ഹൈ കോടതിയുടെ 6-7-2023 തീയതിയിലെ ഇടക്കാല ഉത്തരവ് പാലിച്ച് കൊണ്ട് ഉത്തരവാകുന്നു.

Draft #3 of File EC1/26149/23/DTE Approved by Director (in-charge) on 14-Jul-2023 02:33 PM - Page 1

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1) ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, പുറപ്പുഴ
3) പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയറിങ് കോളേജ്, ശ്രീകൃഷ്ണപുരം, പാലക്കാട്
4) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, കോട്ടയം.
5) ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 14.07.2023
Reason: Approved

Draft #3 of File EC1/26149/23/DTE Approved by Director (in-charge) on 14-Jul-2023 02:33 PM - Page 2

The document is digitally approved. Hence signature is not needed.